സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 186 2025 ഒക്ടോബർ 31 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കോഴിക്കോട് നടുറോഡിൽ ഏറ്റുമുട്ടി ബസ് ജീവനക്കാരും വിദ്യാർഥികളും

കോഴിക്കോട്: നടുറോഡിൽ ഏറ്റുമുട്ടി ബസ് ജീവനക്കാരും വിദ്യാർഥികളും. പിവിഎസ് ആശുപത്രിക്ക് സമീപമായിരുന്നു സംഘർഷം. കുട്ടികളെ ബസ്സിൽ കയറ്റുന്നതുമായി ബന്ധപ്പെട്ടായിരുന്നു തർക്കം. ഗ്യാലക്സി എന്ന ബസ്സാണ് കുട്ടികൾ തടഞ്ഞത്. വ്യഴാഴ്ചയും കുട്ടികളും ബസ് ജീവനക്കാരും തമ്മിൽ തർക്കം ഉണ്ടായിരുന്നു. പത്താംക്ലാസ് പ്ലസ് ടു വിദ്യാർഥികളും ജീവനക്കാരും തമ്മിലായിരുന്നു സംഘർഷം. അക്രമത്തിൽ പ്രതിഷേധിച്ച് കോഴിക്കോട് പെരുമണ്ണ റൂട്ടിൽ ബസ്സ് ജീവനക്കാരുടെ പണി മുടക്ക് പ്രഖ്യാപിച്ചു. ബസ് ജീവനക്കാർ പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

ഒരു കോടി സർക്കാർ ജോലി, ഒരു കോടി ലക്പതി ദീദിമാർ

പട്ന: ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് ഒരാഴ്ചയിൽ താഴെ മാത്രം ശേഷിക്കെ വലിയ വാഗ്ദാനങ്ങളുമായി എൻഡിഎ പ്രകടന പത്രിക പുറത്തിറക്കി. തൊഴിൽ, സ്ത്രീ ശാക്തീകരണം, ക്ഷേമ പദ്ധതികൾ തുടങ്ങിയ വാഗ്ദാനങ്ങളാണ് പത്രികയിലുള്ളത്. ഒരു കോടി സർക്കാർ ജോലികൾ നൽകുമെന്നാണ് മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള എൻഡിഎ മുന്നണിയുടെ പ്രകടന പത്രികയിലെ പ്രധാന വാഗ്ദാനം. വിവിധ കക്ഷി നേതാക്കൾ ചേർന്നാണ് ഇന്ന് രാവിലെ പത്രിക പുറത്തിറക്കിയത്.

കേന്ദ്ര മന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ.പി. നഡ്ഡ, മുഖ്യമന്ത്രി നിതീഷ് കുമാർ, കേന്ദ്ര മന്ത്രിയും എച്ച്എഎം(എസ്) നേതാവുമായ ജിതൻ റാം മാഞ്ചി, കേന്ദ്ര

ബിഹാറിൽ എൻഡിഎ പ്രകടന പത്രിക പുറത്ത്

മന്ത്രിയും എൽജെപി (റാം വിലാസ്) അധ്യക്ഷനുമായ ചിരാഗ് പാസ്വാൻ, ആർഎൽഎം നേതാവ് ഉപേന്ദ്ര കുശ്വാഹ, മറ്റ് സഖ്യകക്ഷി നേതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ പട്നയിൽ വെച്ച് പ്രകടന പത്രിക പുറത്തിറക്കി.

പ്രധാന വാഗ്ദാനങ്ങൾ

ഒരു കോടിയിലധികം സർക്കാർ ജോലികളും കൂടാതെ നിരവധി തൊഴിലവസരങ്ങളും

നൈപുണ്യ അധിഷ്ഠിത തൊഴിൽ നൽകുന്നതിനായി സ്കിൽസ് സെൻസസ്

എല്ലാ ജില്ലകളിലും മെഗാ

സ്കിൽ സെന്ററുകൾ

സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സ്ത്രീകൾക്ക് 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം.

ഒരു കോടി സ്ത്രീകളെ ലക്പതി ദീദിമാരാക്കും

അതിപിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിവിധ തൊഴിൽ ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ നൽകും

കർപ്പൂരി ഠാക്കൂർ 'കിസാൻ സമ്മാൻ നിധി'ക്ക് കീഴിൽ, കർഷകർക്ക് പ്രതിവർഷം 3,000 രൂപയുടെ അധിക ആനുകൂല്യം

പട്നയ്ക്ക് പുറമെ ബീഹാറിലെ 4 നഗരങ്ങളിൽ കൂടി മെട്രോ ട്രെയിൻ സർവീസ്

പത്ത് പുതിയ വ്യവസായ പാർക്കുകൾ

5 വർഷത്തിനുള്ളിൽ 50 ലക്ഷം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരും

243 അംഗ ബിഹാർ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് നവംബർ 6, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായി നടക്കുക. തിരഞ്ഞെടുപ്പ് ഫലം നവംബർ 14-ന് പ്രഖ്യാപിക്കും.

സാങ്കേതികവിദ്യ കൈമാറ്റം, സൈനിക സഹകരണം; 10 വർഷത്തേക്കുള്ള സുപ്രധാന കരാറിൽ ഒപ്പുവെച്ച് ഇന്ത്യയും യുഎസും

ന്യൂഡൽഹി: പ്രതിരോധ സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയും യു.എസും തമ്മിൽ ദീർഘകാല പ്രതിരോധ സഹകരണ കരാറിൽ ഒപ്പുവെച്ചു. യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത്, ഇന്ത്യയുടെ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് കരാറിൽ ഒപ്പുവെച്ചത്. വിവരങ്ങൾ പങ്കുവെയ്ക്കൽ, സാങ്കേതിക സഹകരണം, ഏകോപനം എന്നിവയിൽ സഹകരണം ഉറപ്പുവരുത്തുന്ന 10 വർഷത്തേക്കുള്ള പ്രതിരോധ സഹകരണ ചട്ടക്കൂടിനാണ് ഇരുവരും ഒപ്പുവച്ചത്. കുലാലംപൂരിൽ നടക്കുന്ന ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനിടെയാണ് ഇരുരാജ്യങ്ങളും കരാറിൽ ഒപ്പുവെച്ചത്.

ലോജിസ്റ്റിക് സൗകര്യങ്ങൾ ഉറപ്പുവരുത്തൽ, പ്രതിരോധ ഉപകരണങ്ങളുടെ സംയുക്ത നിർമാണം, സാങ്കേതിക വിദ്യാ കൈമാറ്റം എന്നീ കാര്യങ്ങളും കരാറിൽ ഉൾപ്പെടുന്നുണ്ട്. സൈനിക സഹകരണം ആഴത്തിലാക്കുകയും, പരസ്പരം താവളങ്ങൾ, ലോജിസ്റ്റിക്സ്, അറ്റകുറ്റപ്പണി സൗകര്യങ്ങൾ എന്നിവ തടസ്സങ്ങളില്ലാതെ ഉപയോഗിക്കാൻ സഹായിക്കുകയും ചെയ്യും. കൂടാതെ ഡ്രോണുകളിലും എഐ അധിഷ്ഠിത യുദ്ധതന്ത്രങ്ങളിലുമുള്ള സംയുക്ത ഗവേഷണം, വികസനം എന്നിവയും ഉറപ്പുവരുത്തും. തദ്ദേശീയ പ്രതിരോധ ഉത്പാദനം, ആധുനികവൽക്കരണം എന്നിവക്ക് നിർണായകമായ നൂതന പ്രതിരോധ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാൻ കരാർ ഇന്ത്യയെ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

ഇന്ത്യയുമായുള്ള പ്രതിരോധ സഹകരണം മുമ്പൊരിക്കലും ഇത്രത്തോളം ശക്തമായിരുന്നില്ലെന്ന് പീറ്റ് ഹെഗ്സെത്ത് പിന്നീട് ട്വീറ്റ് ചെയ്തു. '10 വർഷത്തെ യുഎസ്-ഇന്ത്യ പ്രതിരോധ ചട്ടക്കൂടിൽ ഒപ്പുവെക്കുന്നതിനായി ഞാൻ ഇപ്പോൾ രാജ്നാഥ് സിങ്ങിനെ കണ്ടു. പ്രാദേശിക സ്ഥിരതയ്ക്കും പ്രതിരോധത്തിനും അടിത്തറയായ നമ്മുടെ പ്രതിരോധ പങ്കാളിത്തത്തെ ഇത് മുന്നോട്ട് കൊണ്ടുപോകും. ഞങ്ങൾ ഏകോപനം, വിവരങ്ങൾ പങ്കുവെക്കൽ, സാങ്കേതിക സഹകരണം എന്നിവ വർധിപ്പിക്കുകയാണ്. നമ്മുടെ പ്രതിരോധ ബന്ധം മുമ്പൊരിക്കലും ഇത്ര ശക്തമായിരുന്നിട്ടില്ല,' അദ്ദേഹത്തിന്റെ പോസ്റ്റിൽ പറയുന്നു.

ഇൻഡോ-പസഫിക് മേഖലയിലുടനീളം ചൈനയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ പ്രതിരോധിക്കുന്നതിനുള്ള ഒരു സുപ്രധാന നീക്കമായാണ് ഈ കരാറിനെ കാണുന്നത്. മാത്രമല്ല പ്രാദേശിക സ്ഥിരത ഉറപ്പാക്കുന്ന ശക്തിയായും സമുദ്ര സഹകരണത്തിന് മുൻഗണനയുള്ള പങ്കാളിയായും ഈ കരാറിലൂടെ ഇന്ത്യ മാറുകയും ചെയ്തു. ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നതിനിടെയാണ് പുതിയ പ്രതിരോധ കരാറെന്നതാണ് ശ്രദ്ധേയം.

ഒരു മാസത്തെ കുടിശ്ശികയടക്കം നവംബറിൽ 3600 രൂപ ക്ഷേമ പെൻഷൻ എല്ലാവർക്കും കിട്ടും: ധനമന്ത്രി

തിരു: ഒരു മാസത്തെ കുടിശ്ശികയും പുതുക്കിയ ക്ഷേമ പെൻഷനും ചേർത്ത് നവംബറിൽ 3600 രൂപ വീതം ക്ഷേമ പെൻഷൻ ലഭിക്കുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഇതിനായി 1864 കോടി രൂപ അനുവദിച്ചതായി ധനകാര്യ അറിയിച്ചു. വർധിപ്പിച്ച 2000 രൂപ പെൻഷൻ നവംബറിൽ തന്നെ വിതരണം ആരംഭിക്കുകയാണ്. അതിനോടൊപ്പമാണ് നേരത്തെ ഉണ്ടായ കുടിശ്ശികയിലെ അവസാന ഗഡുവും ലഭിക്കുന്നത്.

നവംബർ 20 മുതൽ പെൻഷൻ വിതരണം ആരംഭിക്കും. വർധിപ്പിച്ച പെൻഷൻ വിതരണത്തിന് 1042 കോടി രൂപയും, ഒരു ഗഡു കുടിശ്ശിക വിതരണത്തിന് 824 കോടി രൂപയുമാണ് അനുവദിച്ചത്. ഇതോടെ ക്ഷേമ പെൻഷൻ കുടിശിക പൂർണമായും കൊടുത്തു തീർക്കുകയാണെന്നും ധന മന്ത്രി വ്യക്തമാക്കി.

'പ്രഖ്യാപിച്ച ആനുകൂല്യങ്ങളെല്ലാം സമയബന്ധിതമായി നൽകുമെന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാർ നയ സമീപനങ്ങളുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിടേണ്ടിവന്ന കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലാണ് ക്ഷേമ പെൻഷൻ അഞ്ചു ഗഡു കുടിശികയായത്. അവയുടെ വിതരണത്തിനായുള്ള സമയക്രമം 2024 ജൂലൈയിൽ മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അത് അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം കുടിശികയുടെ രണ്ടു ഗഡുക്കൾ നൽകി. ഈ സാമ്പത്തിക വർഷത്തിന്റെ പകുതിയിൽ തന്നെ ബാക്കിയുള്ളതിൽ രണ്ടു ഗഡുക്കളുടെയും വിതരണം പൂർത്തിയാക്കിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് അവസാന ഗഡു കുടിശ്ശികയും നൽകുന്നത് മന്ത്രി പറഞ്ഞു.

ക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതമുള്ളത് 8.46 ലക്ഷം പേർക്കുമാത്രമാണ്. കേന്ദ്ര സർക്കാരിൽനിന്ന് ശരാശരി 300 രൂപവരെയാണ് വ്യക്തികൾക്ക് ലഭിക്കുന്നത്. ഇതിലും 400 കോടിയിൽ അധികം രൂപ കേരളത്തിന് തരാനുണ്ട്. ഈ തുക കൂടി സംസ്ഥാന സർക്കാർ മുൻകൂർ നൽകുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സിപിഐയിലെ സഖാക്കൾ സഹോദരരെന്ന് എം.എ.ബേബി; ചട്ടിയും കലവും തട്ടിയും മുട്ടിയും ഇരിക്കും: വി. ശിവൻകുട്ടി

തിരു: പിഎംശ്രീ വിവാദം നന്നായി പര്യവസാനിച്ചത് എല്ലാവർക്കും നല്ലതെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി. ഷേക്സ്പിയറിന്റെ വാചകം ഉദ്ധരിച്ചുകൊണ്ടായിരുന്നു പ്രതികരണം. ഇപ്പോൾ പ്രശ്ന പരിഹാരത്തിനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്നും ഇതിനിടയിൽ മറ്റ് വിവാദങ്ങൾക്ക് പ്രസക്തിയില്ലെന്നും ബേബി പറഞ്ഞു. സി.പി.ഐയിലെ സഖാക്കൾ സഹോദരൻമാരാണ്, പ്രത്യേക സാഹചര്യത്തിൽ ചിലത് പറഞ്ഞിന്റെ അർഥം അവർക്കും ഞങ്ങൾക്കും അറിയാം എന്നും ബേബി.

പി.എം ശ്രീ വിവാദങ്ങളെല്ലാം ഭംഗിയായി അവസാനിച്ചെന്ന് മന്ത്രി വി.ശിവൻകുട്ടി. പി.എം ശ്രീയുടെ തുടർനടപടികൾ മന്ത്രിസഭ ഉപസമിതി തീരുമാനിക്കും. കേന്ദ്രത്തിന് കത്ത് നൽകുന്ന കാര്യം ചീഫ് സെക്രട്ടറി തീരുമാനിക്കും. ആരോടും പരിഭവമില്ല. കുടുംബത്തിൽ ചില തർക്കങ്ങളുണ്ടാവുക സ്വാഭാവികം. കമ്മ്യൂണിസ്റ്റുകാരെ തമ്മിൽ തെറ്റിപ്പിക്കാൻ നോക്കേണ്ട. ചട്ടിയും കലവുമാകുമ്പോൾ തട്ടിയും മുട്ടിയുമിരിക്കുമെന്നും ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

അതേസമയം, പിഎം ശ്രീയിൽ നിന്ന് പിന്മാറാനുള്ള നീക്കം കാപട്യമെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ. ഒപ്പിട്ട കരാറിൽ നിന്ന് പിന്മാറാൻ കൊടുക്കുന്ന കത്തിന് കടലാസിന്റെ വില മാത്രം. കരാറിൽ നിന്ന് പിന്മാറാൻ കഴിയുമോയെന്ന് അറിയില്ലെന്നും കാവി പണം വേണ്ടെന്ന് പറയാൻ മുഖ്യമന്ത്രി ധൈര്യം കാണിക്കട്ടെയെന്നും ജോർജ് കുര്യൻ കൊച്ചിയിൽ പറഞ്ഞു.

ട്രെയിൻ യാത്രക്കിടെ പഴ്സ് മോഷണം പോയി; എസി കോച്ചിന്റെ ഗ്ലാസ് തകർത്ത് യുവതി

ഡൽഹി: കൈക്കുഞ്ഞുമൊത്ത് ട്രെയിനിൽ യാത്ര ചെയ്യുന്നതിനിടെ പഴ്സ് നഷ്ടമായ യുവതി എസി കോച്ചിന്റെ വിൻഡോ ഗ്ലാസ് തല്ലിത്തകർത്തു. ഇൻഡോറിൽ നിന്നും ഡൽഹിയിലേക്കുള്ള യാത്രയ്ക്കിടെയാണ് യുവതിയുടെ പഴ്സ് മോഷണം പോയത്. റെയിൽവേ അധികൃതരോടും ആർപിഎഫിനോടും യുവതി പരാതിപ്പെട്ടെങ്കിലും ട്രെയിൻ ഡൽഹിയെത്തുന്നത് വരെ ക്ഷമിക്കൂ വെന്നായിരുന്നു മറുപടി. ഇതിൽ കുപിതയായതോടെയാണ് യുവതി പ്ലാസ്റ്റിക് ബോർഡ് കൊണ്ട് കോച്ചിലെ ചില്ല് അടിച്ച് പൊട്ടിക്കാൻ തുടങ്ങിയത്. നിയന്ത്രണം വിട്ടു പെരുമാറാൻ തുടങ്ങിയ യുവതിയെ ആശ്വസിപ്പിക്കാൻ കോച്ചിലുണ്ടായിരുന്നവർ ശ്രമിച്ചുവെങ്കിലും യുവതി ശാന്തയായില്ല. ചില്ലുകൾ സീറ്റിലാകെ ചിന്നിത്തെറിച്ച് കിടക്കുന്നതും നിസ്സഹായതയോടെ കുഞ്ഞ് യുവതിയെ നോക്കിയിരിക്കുന്നതും ദൃശ്യങ്ങളിൽ കാണാം.

ആഭരണം ആർക്കും വേണ്ട

മുംബൈ: സ്വർണ വില കുതിച്ചുയർന്നതോടെ ഡിമാൻഡ് കുത്തനെ ഇടിഞ്ഞതായി റിപ്പോർട്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സെപ്റ്റംബർ പാദത്തിൽ 16 ശതമാനത്തിന്റെ ഇടിവാണ് നേരിട്ടത്. ലോകത്തെ ഏറ്റവും വലിയ സ്വർണ ഉപഭോക്താവായ ഇന്ത്യക്ക് വിലക്കയറ്റം തിരിച്ചടി സമ്മാനിച്ചെന്നാണ് സൂചന. ഇത്തവണ 209.4 ടൺ സ്വർണമാണ് ഇന്ത്യക്കാർ വാങ്ങിയത്. കഴിഞ്ഞ വർഷം 248.3 ടൺ സ്വർണമായിരുന്നു. സ്വർണം വാങ്ങുന്നത് കുറഞ്ഞെങ്കിലും 23 ശതമാനം അധികം തുകയാണ് ചെലവഴിച്ചത്. അതായത് കഴിഞ്ഞ വർഷത്തെ 1.65 ലക്ഷം കോടി രൂപക്ക് പകരം ഇത്തവണ 2.03 ലക്ഷം കോടി രൂപ നൽകേണ്ടി വന്നു.

വേൾഡ് ഗോൾഡ് കൗൺസിലാണ് ഇതു സംബന്ധിച്ച കണക്കുകൾ പുറത്തുവിട്ടത്. ആഭരണങ്ങളുടെ വിൽപനയിലാണ് ഏറ്റവും കൂടുതൽ ഇടിവ് നേരിട്ടത്. 171.6 ടണിൽനിന്ന് 117.7 ടണിലേക്ക് കൂപ്പുകുത്തി. 31 ശതമാനത്തിന്റെ കുറവുണ്ടായി. മാറ്റ് കുറഞ്ഞതും കാരറ്റ് കുറഞ്ഞതുമായ സ്വർണാഭരണങ്ങൾ ട്രെൻഡായെങ്കിലും ഉപഭോക്താക്കൾ പലരും ഷോപ്പിങ് മാറ്റിവെച്ചു. വില താങ്ങാൻ കഴിയാതെ വന്നതോടെയാണ് സ്വർണം വാങ്ങുന്നത് ഉപഭോക്താക്കൾ വേണ്ടെന്ന് വെച്ചത്.

അതേസമയം, വിലക്കയറ്റം മറ്റൊരു വിഭാഗം സ്വർണ മോഹികൾക്ക് ആവേശ പകർന്നതായാണ് കണക്കുകൾ പറയുന്നത്. വൻ ലാഭം നേടാമെന്ന് കരുതിയവർ തിരക്കിട്ട് വാങ്ങിക്കൂട്ടിയതോടെ സ്വർണ നിക്ഷേപത്തിൽ 74 ശതമാനത്തിന്റെ വർധനവുണ്ടായി. 88,970 കോടി രൂപയാണ് ഇന്ത്യക്കാർ കഴിഞ്ഞ മൂന്ന് മാസത്തിനിടെ മാത്രം സ്വർണത്തിൽ നിക്ഷേപിച്ചത്.

യു.പിയിൽ മതംമാറ്റം ആരോപിച്ച് നാലുപേർ അറസ്റ്റിൽ, ക്രിസ്തു ചിത്രങ്ങളും ബൈബിളുകളും പിടിച്ചെടുത്തു

ലക്നൊ: മതപരിവർത്തനത്തിനായി ആളുകളെ പ്രലോഭിപ്പിച്ചു എന്നാരോപിച്ച് ഉത്തർപ്രദേശിലെ ജൗൻപൂർ ജില്ലയിൽ നാല് ക്രിസ്തുമത വിശ്വാസികളെ പൊലീസ് അറസ്റ്റ് ചെയ്തു. അമ്മയും മകളും അടക്കം രണ്ട് സ്ത്രീകളെയും രണ്ട് പുരുഷന്മാരെയുമാണ് പിടികൂടിയത്. ബൈബിളുകളടക്കമുള്ള പുസ്തകങ്ങളും ക്രിസ്തു ചിത്രങ്ങളും മറ്റും പൊലീസ് പിടിച്ചെടുത്തു.

സർക്കി ഗ്രാമവാസികളായ ഗീത ദേവി, ഇവരുടെ മകൾ രഞ്ജന കുമാരി, സോനു, വിജയ് കുമാർ എന്നിവരാണ് അറസ്റ്റിലായത്. കെരാക്കത്ത് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ രാവിലെ 7.15 ഓടെയാണ് അറസ്റ്റ് ചെയ്തതെന്ന് അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് (സിറ്റി) ആയുഷ് ശ്രീവാസ്തവ അറിയിച്ചു.

ഇവരുടെ പക്കൽ നിന്ന് നിരവധി വസ്തുക്കൾ പൊലീസ് പിടിച്ചെടുത്തു. ബൈബിളുകൾ, ക്രിസ്ത്യൻ ഭക്തിഗാന പുസ്തകങ്ങൾ, മതപരമായ രജിസ്റ്ററുകൾ, ക്രിസ്തുവിന്റെ ചിത്രങ്ങൾ, മതപരിവർത്തന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചാറ്റുകൾ, വിഡിയോകൾ, ഫോട്ടോകൾ എന്നിവ അടങ്ങിയ മൊബൈൽ ഫോണുകൾ എന്നിവയാണ് യു.പി പൊലീസ് കണ്ടെടുത്തത്.

ഗീത ദേവിയുടെ പക്കൽ നിന്ന് യേശുക്രിസ്തുവിന്റെ വലുതും ചെറുതുമായ ഫോട്ടോ ഫ്രെയിമുകൾ, നിരവധി ബൈബിളുകൾ, 'മസിഹി ഭജൻ മാല' എന്ന പേരിൽ ഭോജ്പുരിയിലും ഹിന്ദിയിലുമുള്ള ക്രിസ്ത്യൻ ഭക്തിഗാന പുസ്തകങ്ങൾ, മതപരിവർത്തന വീഡിയോകൾ അടങ്ങിയ ആൻഡ്രോയിഡ് മൊബൈൽ ഫോൺ എന്നിവ കണ്ടെടുത്തു. രഞ്ജന കുമാരിയുടെ പക്കൽ നിന്ന് രണ്ട് ബൈബിളുകൾ, നാല് രജിസ്റ്ററുകൾ, ക്രിസ്ത്യൻ ഭക്തിഗാന സമാഹാരം, മതപരമായ പ്രചാരണ സാമഗ്രികൾ അടങ്ങിയ സാംസങ് ഗാലക്സി മൊബൈൽ ഫോൺ, ഒരു ടാബ്‌ലെറ്റ് എന്നിവ കണ്ടെടുത്തതായും പൊലീസ് പറഞ്ഞു. ബൈബിളും സുവിശേഷ പുസ്തകങ്ങളും ഇൻഫിനിക്സ് മൊബൈൽ ഫോണുമാണ് വിജയ് കുമാറിൽ നിന്ന് പിടികൂടിയത്.

അറസ്റ്റിലായവർക്കെതിരെ ഉത്തർപ്രദേശ് നിയമവിരുദ്ധ മതപരിവർത്തന നിരോധന നിയമം 2021-ലെ 3/5(1) വകുപ്പുകളടക്കം ചുമത്തി കേസെടുത്തിട്ടുണ്ട്. പ്രതികളെ കോടതിയിൽ ഹാജരാക്കി. ഈ ശൃംഖലയെക്കുറിച്ചും മറ്റുള്ളവരുടെ പങ്കാളിത്തത്തെക്കുറിച്ചും കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് പൊലീസ് ഉദ്യോഗസ്ഥർ അറിയിച്ചു.

എന്നാൽ, ഗ്രാമവാസികളുടെ ക്ഷണം സ്വീകരിച്ച് ഭക്ഷണം കഴിക്കാനെത്തി മടങ്ങുകയായിരുന്നെന്നും അകാരണമായി മർദിക്കുകയായിരുന്നുവെന്നാണ് പുരോഹിതർ പറയുന്നത്. ദാരിദ്ര്യത്തിൽനിന്നും രോഗത്തിൽനിന്നും മോചനം നൽകാമെന്ന് വാഗ്ദാനം ചെയ്ത് ഗ്രാമീണരെ തെറ്റിദ്ധരിപ്പിച്ചുവെന്നും മതപരിവർത്തനം പ്രോത്സാഹിപ്പിച്ചെന്നും ആരോപിച്ചാണ് രാജ്ബാഗ് പൊലീസ് പുരോഹിതർക്കെതിരെ എഫ്ഐ.ആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. എഫ്. ഐ.ആർ രജിസ്റ്റർ ചെയ്ത കാര്യം സ്ഥിരീകരിച്ച കറ്വ സീനിയർ പൊലീസ് സൂപ്രണ്ട് മോഹിത ശർമ്മ, കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും അറിയിച്ചു. വിദൂര ഗ്രാമങ്ങളിലെ ഹിന്ദുക്കളെ ക്രിസ്ത്യൻ മിഷണറിമാർ മതപരിവർത്തനം നടത്തുന്നു എന്നാരോപിച്ച് വി.എച്ച്.പിയുടെ നേതൃത്വത്തിൽ കമ്പ ടൗണിൽ ഞായറാഴ്ച പ്രതിഷേധ പ്രകടനം നടന്നു.

കൃതജ്ഞത

ജോൺസൺ

തേനംകുടത്ത് വട്ടക്കുഴി ഹൗസ്
പൂച്ചിന്നിപാടം

എന്റെ പ്രിയ ഭർത്താവ് കാരുണ്യപ്രവർത്തകനും സ്വർണ്ണവ്യാപാരിയും സി പി എം നേതാവുമായിരുന്ന തേനംകുടത്ത് **വട്ടക്കുഴി ജോൺസന്റെ** (64) നിര്യാണ വാർത്ത യറിഞ്ഞ് നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് പൂച്ചിന്നിപ്പാടം ലിറ്റിൽ ഫ്ളവർ പള്ളി സെമിത്തിരിയിൽ വെച്ച് നടത്തിയ സംസ്കാര ചടങ്ങുകളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, വൈദീക ശ്രേഷ്ഠർ, കന്യാസ്ത്രീകൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥപ്രമുഖർ, വ്യാപാരി വ്യവസായികൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

ദുഃഖ സ്മരണകളോടെ,

ഭാര്യ: **ബേബി**
മക്കൾ: **ജോസിമാർ, ലിനെക്കർ**
മരുമക്കൾ: **റെൻസി, ജിനറ്റ്**
ബന്ധുമിത്രാദികൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മുഖ്യമന്ത്രിയുടെ പ്രഖ്യാപനംഅടച്ചു; പൂട്ടാൻ പോകുന്ന കടയുടെ റിബേറ്റ് പോലെ: സി പി ജോൺ

തൃശൂർ : പാവപെട്ടവർക്കും സാധാരണക്കാർക്കും ആനുകൂല്യങ്ങൾ നൽകുന്നത് സ്വാഗതർഹം തന്നെ. എന്നാൽ കാലിയായി കിടക്കുന്ന ഖജനാവിൽ നിന്നും ഇത്രമാത്രം ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത് കാണുമ്പോൾ, അടച്ചു പൂട്ടാൻ പോകുന്ന കടയുടെ റിബേറ്റ് നോട്ടീസ് പോലെ മാത്രമേ കാണുവാൻ കഴിയുവെന്ന് സി പി ജോൺ. തൃശൂർ സിഎം പി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വർഗ. ബഹുജനസംഘടനാ പ്രവർത്തക യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പതിനായിരം കോടി രൂപയുടെ പദ്ധതിക്ക് എവിടെ നിന്നാണ് ഫണ്ടെന്ന് പറയുന്നില്ല. തൊഴിലാളികളുടെ

ക്ഷേമനിധി കുടിശ്ശിക,തകർന്ന് കിടക്കുന്ന സഹകരണസ്ഥാപനങ്ങളുടെ പുണരുദ്ധാരണം,നെൽകർഷകരുടെ, റബ്ബർ കർഷക കരുടെ കുടിശിക തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഒരു അക്ഷരം പറയാതെ നടത്തുന്ന പ്രഖ്യാപനങ്ങൾ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടിട്ടുള്ള ഒരു പേക്കൂത്തു ആയിട്ട് മാത്രമേ കാണുവാൻ കഴിയുവെന്ന് ജോൺ ചൂണ്ടിക്കാട്ടി.

സിഎംപി സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗം പി ആർ എൻ നമ്പീശൻ അധ്യക്ഷത വഹിച്ചു.സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി വികാസ് ചക്രപാണി, ജില്ലാ സെക്രട്ടറി ജെയ്സിങ് കൃഷ്ണൻ, മഹിളാ ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് മിനി രമേഷ്,എം എൻ സുരേഷ്, ജോസ് മാറോക്കി തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

ഭിന്നശേഷി കുട്ടികൾക്ക് ഫീഡിങ് ഡിസോർഡർ ക്ലിനിക

ഇരിങ്ങാലക്കുട: ഭക്ഷണം കഴിക്കുന്നതിനു വിമുഖതയുള്ളതും തെറ്റായ ഭക്ഷണരീതി പുലർത്തുന്നതുമായ കുട്ടികളെ ശരിയായ ഭക്ഷണരീതികൾ പരിശീലിപ്പിക്കുന്നതിനായി നിപ്മറിൽ ഫീഡിങ്ങ് ഡിസോഡർ ക്ലിനിക്ക് തുടങ്ങി. രണ്ടു വയസ്സിനും എട്ടുവയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് അഡ്മിഷൻ നൽകുക. കുട്ടികളുടെ ഭക്ഷണ പരിമിതികൾ മനസ്സിലാക്കി ഉചിതമായ പരിശീലനം നൽകുന്നതിനായി ഡയറ്റിഷ്യൻ, ഓസിക്യുപഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ലഭ്യമാണ്. വിശദാംശങ്ങൾക്ക് 9288099582

മുക്കിടി വിതരണം

ഇരിങ്ങാലക്കുട: കൂടൽമാണിക്യം ക്ഷേത്രത്തിലെ തണ്ടികവരവ്, തൃപ്പൂത്തിരി മുക്കിടി എന്നീ ആഘോഷങ്ങൾ സമാപിച്ചു ഇന്ന് രാവിലെ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടപ്പുരയിൽ മുക്കിടി വിതരണവും ഉണ്ടായിരുന്നു ഉദര രോഗങ്ങൾക്ക് അടക്കം ദിവ്യ ഔഷധമായ മുക്കിടി വീടുകളിലേക്ക് കൊണ്ടുപോകുന്നതിനും കഴിക്കുന്നതതിനുമായി നാടിന്റെ നാനാ ഭാഗത്തുനിന്നും ധാരാളം ഭക്തജനങ്ങൾ എത്തിയിരുന്നു.

ക്ഷേത്രത്തിൽ അഗ്നിബാധ

തൃശ്ശൂർ: അയ്യന്തോൾ തൃക്കമാരംകുടം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ അഗ്നിബാധ. തിടപ്പിള്ളി പൂർണ്ണമായും കത്തിനശിച്ചു. ഫയർ ഫോഴ്സ് എത്തിയാണ് തീയണച്ചത്. ഇന്നലെ രാത്രി ആയിരുന്നു സംഭവം. തിടപ്പിള്ളിയിൽ നിന്നും തീ പടർന്നതാകാമെന്നാണ് പ്രാഥമിക നിഗമനം.

നാളെ മുതൽ സപ്ലൈകോയിൽ വൻ ഓഫറുകൾ

തൃശ്ശൂർ: അൻപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഉപഭോക്താക്കൾക്കായി ആകർഷകമായ നിരവധി ഓഫറുകൾ പ്രഖ്യാപിച്ച് സപ്ലൈകോ. നാളെ മുതൽ ഈ ആനുകൂല്യങ്ങൾ പ്രാബല്യത്തിൽ വരും. നവംബർ ഒന്നു മുതൽ വിവിധതരത്തിലുള്ള പദ്ധതികൾ സപ്ലൈകോ നടപ്പാക്കും. 250 കോടി രൂപ പ്രതിമാസ വിറ്റു വരവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുക. 140 നിയോജക മണ്ഡലങ്ങളിലും എത്തുന്ന രീതിയിൽ 14 ജില്ലകളിലും സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകൾ ആരംഭിക്കും. ഗുണനിലവാരമുള്ള അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പുഴുക്കലരി സബ്സിഡി അരിയിൽ ഉൾപ്പെടുത്തി സപ്ലൈകോ വില്പനശാലകളിലൂടെ റേഷൻകാർഡ് ഉടമകൾക്ക് 20 കിലോഗ്രാം അരി നൽകും.

ഫലവൃക്ഷ തൈ വിതരണം

അന്തിക്കാട്: ഗ്രാമപഞ്ചായത്തിലെ ഫലവൃക്ഷ തൈ വിതരണം പദ്ധതിക്കു തുടക്കമായി. പദ്ധതി വഴി അത്യുല്പാതന ശേഷിയുള്ള കവുങ്ങിൻ തൈകൾ, ഗ്രാഫ്റ്റഡ്

കശുമാവിൻ തൈകൾ എന്നിവ 75% സബ്സിടി നിരക്കിലാണ് വിതരണം ചെയ്യുന്നത്. ഫലവൃക്ഷതൈകളുടെ വിതരണോദ്ഘാടനം അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് ജീന നന്ദൻ നിർവഹിച്ചു. വൈസ് പ്രസിഡന്റ് സുജിത് പി.എസ്. അധ്യക്ഷത വഹിച്ചു.

വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ മേനക മധു, വാർഡ് മെമ്പര്മാരായ മിൽന സ്മിത്ത്, രഞ്ജിത്ത് സംസാരിച്ചു. കൃഷി ഓഫീസർ കെ.എസ്. ശ്വേത സ്വാഗതം പറഞ്ഞു.

സുശാന്തിന്റെ കഴുത്തിലുണ്ടായിരുന്നത് തുണി മുറുകിയ അടയാളമല്ല, കാലുകൾ തൂക്കിയിടാൻ പോലും പറ്റാത്തയിടത്ത് ഒരാളെങ്ങനെ ആത്മഹത്യ ചെയ്യും - സഹോദരി ശ്വേത സിംഗ്

മുംബൈ: നടൻ സുശാന്ത് സിംഗ് രാജ്പുത്തിന്റെ മരണത്തെക്കുറിച്ച് ഞെട്ടിക്കുന്ന പുതിയ വെളിപ്പെടുത്തലുകളുമായി അദ്ദേഹത്തിന്റെ സഹോദരി ശ്വേത സിംഗ് കീർത്തി. 2020 ജൂൺ 14-ന് മുംബൈയിലെ അപ്പാർട്ട്മെന്റിലാണ് സുശാന്തിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഈ മരണം ആത്മഹത്യയായിരുന്നില്ലെന്ന സംശയമാണ് ശ്വേത പ്രകടിപ്പിച്ചിരിക്കുന്നത്. അമേരിക്കയിൽ നിന്നും മുംബൈയിൽ നിന്നുമുള്ള രണ്ട് ്യൈരവശരെ സുശാന്തിനെ രണ്ടുപേർ ചേർന്ന് കൊലപ്പെടുത്തിയതാണെന്ന് തന്നോട് പറഞ്ഞതായി ശ്വേത വെളിപ്പെടുത്തി. മാധ്യമപ്രവർത്തകൻ ശുഭങ്കർ മിശ്രയുമായുള്ള അഭിമുഖത്തിലാണ് അവർ ഇക്കാര്യങ്ങൾ പറഞ്ഞത്.

സുശാന്തിന്റെ മരണം എങ്ങനെ ആത്മഹത്യയാകും എന്നാണ് ശ്വേത ആവർത്തിച്ച് ചോദിക്കുന്നത്. 'ഫാനും കട്ടിലിനുമിടയിൽ ഒരാൾക്ക് കാലുകൾ തൂക്കിയിടാൻ പോലും സ്ഥലമുണ്ടായിരുന്നില്ല. അവിടെ തീരെ സ്ഥലമില്ലായിരുന്നു. ആർക്കെങ്കിലും ആത്മഹത്യ

ചെയ്യണമെങ്കിൽ, അവർ ഒരു സ്റ്റൂൾ ഉപയോഗിക്കില്ലേ? പക്ഷേ അവിടെ അങ്ങനെയൊരു വസ്തു ഉണ്ടായിരുന്നില്ല. ഇനി ശരീരത്തിലെ പാടുകൾ നോക്കുകയാണെങ്കിൽ, അതൊരു ദുപ്പട്ടയുടെ പാടുകളായി തോന്നുന്നില്ല. ഉപയോഗിച്ച വസ്തു ഒരു തുണി പോലെയുള്ള അടയാളമല്ല ഉണ്ടാക്കിയത്, മറിച്ച് അതൊരു നേർത്ത ചെയിനിന്റെ പാടുപോലെയാണ്.' ശ്വേത സംശയം പ്രകടിപ്പിച്ചു.

സുശാന്തിനെ ആരെങ്കിലും നിയമവിരുദ്ധമായി തടങ്കലിൽ വെക്കുകയോ ഭീഷണിപ്പെടുത്തുകയോ ആത്മഹത്യക്ക് പ്രേരിപ്പിക്കുകയോ ചെയ്തതിന് തെളിവുകളില്ലെന്നാണ് സിബിഐയുടെ ഔദ്യോഗിക റിപ്പോർട്ടിൽ പറയുന്നത്. നടി റിയ ചക്രബർത്തി സുശാന്തിന്റെ പണം തട്ടിയെടുത്തതിനും തെളിവുകളൊന്നും ഏജൻസിക്ക് കണ്ടെത്താനായില്ല. പകരം സുശാന്ത് റിയയെ കുടുംബാംഗത്തെപ്പോലെയാണ് കണ്ടിരുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

അതേസമയം സുശാന്തിന്റെ കുടുംബം റിപ്പോർട്ടിലെ നിഗമനങ്ങൾ തള്ളിക്കളഞ്ഞു. 'ഇതൊരു കൺകെട്ട് മാത്രമാണ്. സിബിഐക്ക് സത്യം പുറത്തുകൊണ്ടുവരാൻ ആഗ്രഹമുണ്ടായിരുന്നെങ്കിൽ, ചാറ്റുകൾ, സാങ്കേതിക രേഖകൾ, സാക്ഷിമൊഴികൾ, മെഡിക്കൽ രേഖകൾ തുടങ്ങിയ കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും അവർ സമർപ്പിക്കുമായിരുന്നു. തെറ്റായ ദിശയിൽ നടന്ന അന്വേഷണത്തെ അടിസ്ഥാനമാക്കിയുള്ള ഈ റിപ്പോർട്ടിനെതിരെ ഹർജി ഫയൽ ചെയ്യും.' അവരുടെ അഭിഭാഷകനായ വരുൺ സിംഗ് പറഞ്ഞു,

2020 ജൂണിലെ സുശാന്തിന്റെ മരണം രാജ്യത്തുടനീളം വലിയ ഞെട്ടലുണ്ടാക്കിയിരുന്നു. ഇത് വലിയ മാധ്യമ കോലാഹലങ്ങൾക്കും മുംബൈ പോലീസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി), നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ (എൻസിബി), സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ) എന്നിവരുടെ നേതൃത്വത്തിൽ ഒന്നിലധികം അന്വേഷണങ്ങൾക്കും വഴിവെച്ചു. കൊലപാതക സാധ്യതകളൊന്നും ഇല്ലെന്ന് എല്ലാ ഏജൻസികളും നിഗമനത്തിലെത്തിയെങ്കിലും, ഔദ്യോഗിക കണ്ടെത്തലുകളിൽ തനിക്ക് വിശ്വാസമില്ലെന്നാണ് ശ്വേതയുടെ പുതിയ പ്രസ്താവനകൾ സൂചിപ്പിക്കുന്നത്.

ഫെഡറേഷൻ കപ്പ് വോളീബോൾ ചാമ്പ്യൻഷിപ്പ് ജനുവരി 18 മുതൽ

തൃശൂർ: 37-ാമത് ഫെഡറേഷൻ കപ്പ് വോളീബോൾ ചാമ്പ്യൻഷിപ്പ് ജനുവരി 18 മുതൽ 25 വരെ തൃപ്രയാർ സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുമെന്ന് വോളിബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ രാമാനന്ദ ചൗധരി അറിയിച്ചു. പന്ത്രണ്ട് വർഷത്തിന് ശേഷമാണ് ചാമ്പ്യൻഷിപ്പ് കേരളത്തിലെത്തുന്നത്. 1990,2003 വർഷങ്ങളിൽ ടി.എസ്.ജി.എ ഇൻഡോർ സ്റ്റേഡിയത്തിൽ ചാമ്പ്യൻഷിപ്പ് നടന്നിട്ടുണ്ട്. അവസാനമായി 2014ൽ എറണാകുളം കിഴക്കമ്പലത്തായിരുന്നു കേരളത്തിൽ മത്സരം നടന്നത്. ഉത്തർപ്രദേശിലെ വാരണസിയിൽ ജനുവരി 4 മുതൽ 11 വരെ നടക്കുന്ന രണ്ടാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിൽ നിന്നും തിരഞ്ഞെടുക്കുന്ന എട്ട് പുരുഷ ടീമുകളും നാല് വനിതാ ടീമുകളുമാണ് തൃപ്രയാറിൽ നടക്കുന്ന ഫെഡറേഷൻ കപ്പ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുക. നവംബർ ഏഴിന് വൈകീട്ട് മൂന്നിന് തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ സംഘാടകസമിതി യോഗം ചേരുമെന്ന് ടി.എസ്.ജി.എ ചെയർമാൻ ടി.എൻ പ്രതാപൻ അറിയിച്ചു.

ബിജെപി മാർച്ചും പ്രതിഷേധ ധർണ്ണയും സംഘടിപ്പിച്ചു

കിഴുത്താണി: കിഴുത്താണി പർളം റോഡിന്റെ ശോചനീയാവസ്ഥ ഉടൻ പരിഹരിക്കുക,കാന നിർമ്മാണം പൂർത്തിയാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ആഖജ 6ാം വാർഡ് കമ്മറ്റിയുടെ നേതൃത്വത്തിൽ പർളം സെന്ററിൽ നിന്നും പ്രതിഷേധ മാർച്ചും കിഴുത്താണി സെന്ററിൽ പ്രതിഷേധ ധർണ്ണയും സംഘടിപ്പിച്ചു.വാർഡ് കൺവീനർ സുബീഷ് അദ്ധ്യക്ഷത വഹിച്ചു.ബിജെപി സൗത്ത് ജില്ല ജനറൽ സെക്രട്ടറി കൃപേഷ് ചെമ്മണ്ട ഉത്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി ശ്യാംജി മാടത്തിങ്കൽ,മണ്ഡലം വൈസ് പ്രസിഡണ്ടുമാരായ രാമചന്ദ്രൻ കോവിൽപറമ്പിൽ, അജയൻ തറയിൽ,പഞ്ചായത്ത് ജനറൽ സെക്രട്ടറി സുഭാഷ് പുല്ലത്തറ,ജില്ലാ കമ്മറ്റിയംഗങ്ങളായ സോമൻ പുളിയത്തുപറമ്പിൽ, ഇ കെ അമരദാസ്, വാർഡ് ഇൻചാർജ് സോമൻ,വാസു കിഴുത്താണി, സജീവൻ എന്നിവർ സംസാരിച്ചു.

ടോയ്‌ലെറ്റ് ബ്ലോക്കിന്റെ ഉദ്ഘാടനം

തൃശൂർ: പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്മാരക സഹകരണ പരിശീലന കോളജിൽ തൃശൂർ ജില്ലാ പഞ്ചായത്തും, തൃശൂർ ശുചിത്വ മിഷനും, സംസ്ഥാന സഹകരണ യൂണിയനും ചേർന്ന് നിർമ്മിക്കുന്ന ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് നിർവഹിച്ചു. പ്രിൻസിപ്പൽ ബൈജി സി. വർഗീസ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം വി.എൻ സുർജിത്ത്, ഹസിത പി,അശ്വതി അച്ചു വാര്യർ, രതി വി എസ്, സാനു കുട്ടൻ ബി, പ്രി.എൻ. വിനീഷ് സന്നിഹിതരായിരുന്നു.

വട്ടക്കുഴി തേനംകുടത്ത് ജോൺസന് അന്ത്യാഞ്ജലി

പുച്ചിന്നിപ്പാടം: അന്തരിച്ച കാരുണ്യ പ്രവർത്തകനും സ്വർണ്ണവ്യാപാരിയും സി പി എം നേതാവുമായിരുന്ന തേനംകുടത്ത് വട്ടക്കുഴി ജോൺസന് (64) വൻജനാവലി അന്ത്യാഞ്ജലി അർപ്പിച്ചു. ഇരിങ്ങാലക്കുട വട്ടക്കുഴി പ്രിൻസ് ജ്വല്ലറി അട്ടക്കുഴി പ്രിൻസസ് സാനിറ്ററീസ് എന്നിവയുടെ ഉടമയായിരുന്നു. സി പിഎം ചേർപ്പ് ലോക്കൽ കമ്മിറ്റി അംഗം ബ്രാഞ്ച് സെക്രട്ടറി, വ്യാപാരി വ്യവസായി സമിതി ചേർത്ത് യൂണിയൻ പബ്ലിക് ലൈബ്രറി ആഘോഷ സംഘാടക സമിതി രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവാഹം, പഠനം, ചികിത്സ എന്നീ ആവശ്യങ്ങൾക്ക് ഒട്ടേറെ സഹായം നൽകിയിട്ടുണ്ട്. ഭാര്യ -ബേബി, മക്കൾ-ജോസിമാർ ലിനെക്കർ. മരുമക്കൾ- റെൻ സി, ജിനറ്റ്. സംസ്കാരം ഇന്ന് രാവിലെ 10:30ന് പൂച്ചിന്നിപ്പാടം ലിറ്റിൽ ഫ്ളവർ പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു.

ഓട്ടോമോബൈൽ വർക്ക് ഷാപ്സ് കേരള ജില്ലാ സമ്മേളനം

ഇരിങ്ങാലക്കുട : അസോസിയേഷൻ ഓഫ് ഓട്ടോമോബൈൽ വർക്ക് ഷാപ്പ്സ് കേരള ജില്ലാ സമ്മേളനം അടുത്ത മാസം ഒന്ന് രണ്ട് തിയ്യതികളിൽ ഇരിങ്ങാലക്കുട അയ്യങ്കാവ് മൈതാനിയിൽ നടക്കും. മന്ത്രി ഡോ: ആർ ബിന്ദു ഉദ്ഘാടനം നിർവ്വഹിക്കും. ജില്ലാ പ്രസിഡണ്ട് എം കെ മുരളീധരൻ അധ്യക്ഷത വഹിക്കും. സംസ്ഥാന ജനറൽസെക്രട്ടറി നസീർ കള്ളിക്കാട് മുഖ്യ പ്രഭാഷണം നടത്തുന്നതാണ്.

പി. തോമസ് അനുസ്മരണം

തൃശൂർ : പ്രശസ്ത ഇന്തോ - ആംഗലേയ സാഹിത്യകാരനും കലാസദൻ മുൻ പ്രസിഡന്റ് മായിരുന്ന പി. തോമസിന്റെ 29-ാം ചരമവാർഷികം നവമ്പർ ഒന്നിന് രാവിലെ 11 ന് കിഴക്കേ കോട്ടയിലെ അദ്ദേഹത്തിന്റെ വസതി മുറ്റത്ത് നടത്തുന്നതാണ്. ഫാ.ജിയോ തെക്കിനിയത്ത്, ബാബു കവലക്കാട്ട്, ഡോ. ഇഗ്നേഷ്യസ് ആന്റണി, ജോർജ് തോമസ്, ബ്രദർ എഡ്വിൻ, ബേബി മൂക്കൻ തുടങ്ങിയവർ സംസാരിക്കുന്നതാണ്. പുഷ്പാർച്ചനയും ഉണ്ടായിരിക്കും

തെരുവ്നായ ആക്രമണം ദുരന്ത നിവാരണ നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കണം : കേരളയൂത്ത് ഫ്രണ്ട് (എം)

തൃശ്ശൂർ : തെരുവ് നായ്ക്കളുടെ ആക്രമണംവ്യാപകമാവുകയും, പേവിഷബാധയേറ്റുള്ള മരണങ്ങൾ വർദ്ധിക്കുകയും ചെയ്തസാഹചര്യത്തിൽ മനുഷ്യന്റെജീവനും, സുരക്ഷക്കും പ്രാധാന്യം നൽകിയുള്ള നിയമങ്ങളും, ചട്ടങ്ങളുംരൂപീകരിക്കുവാൻ തയ്യാറാവണമെന്ന് കരളയൂത്ത് ഫ്ര് (എം) തൃശ്ശൂർ ജില്ലാ ജനറൽ ബോഡി യോഗം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട്ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ ഭാഗത്തുനിന്നും ഉായിട്ടുള്ള ഗൗരവമുള്ള ഇടപെടലുകൾ ആശാവഹമാണ്. 2001 ലെ മൃഗപ്രജനന നിയന്ത്രണ നിയമത്തിന്റെ ചട്ടങ്ങളിലൂടെ നായ്ക്കളുടെ ക്രമാതീതമായ വംശവർദ്ധനവ് തടയുന്നതിനോ, മനുഷ്യൻ നേരിടുന്ന ഭീഷണികൾക്കോ ഫലപ്രദമായ പരിഹാരങ്ങൾ കത്താനായിട്ടില്ല. സംസ്ഥാന ആരോഗ്യവകുപ്പിന്റെകണക്ക് പ്രകാരംകഴിഞ്ഞ പത്ത് വർഷത്തിനിടക്ക് 22.52 ലക്ഷം തെരുവ്നായ ആക്രമണങ്ങൾ സംസ്ഥാനത്ത് ഉാവുകയും 160 പേർ മരണപ്പെടുകയും ചെയ്തത് അതീവ ഗൗരവമുള്ളതാണ്. തെരുവ് നായ്ക്കളുടെകടിയേറ്റ് പരിക്കേല്ക്കുന്നവർക്കും, പേവിഷബാധയേറ്റ് മരണപ്പെടുന്നവർക്കും ദുരന്ത നിവാരണ നിയമം 2005 പ്രകാരം നഷ്ടപരിഹാരംലഭിക്കുന്നതിന് നിയമങ്ങൾ ഭേദഗതിചെയ്യണമെന്നും കേരളയൂത്ത് ഫ്ര് (എം) സമ്മേളനം ആവശ്യപ്പെട്ടു. കേരളയൂത്ത് ഫ്ര് (എം) സംസ്ഥാന പ്രസിഡന്റ് സിറിയക്ചാഴിക്കാടൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സജിജോസഫ് അദ്ധ്യക്ഷത വഹിച്ചു. കേരള കോൺഗ്രസ്സ് (എം) ജില്ലാ പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ഈച്ചരത്ത്മുഖ്യ പ്രഭാഷണം നടത്തി.

ജിയോജോസഫ്

ജസ്‌വിൻ ജോസ്

കേരളകോൺഗ്രസ്സ്(എം) സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളായ ബേബി മാത്യു കാവുങ്കൽ, ഡെന്നിസ് കെ. ആന്റണി, സംസ്ഥാന സെക്രട്ടേറിയറ്റ്അംഗംബേബി നെല്ലിക്കുഴി, ജില്ലാ ജനറൽസെക്രട്ടറി ഷാജി ആനിത്തോട്ടം, യൂത്ത് ഫ്ര്(എം) ജില്ലാ നേതാക്കളായ സെബിൻ കാവുങ്കൽ,ജസ്‌വിൻ ജോസ്, കേരളകോൺഗ്രസ്സ്(എം) ജില്ലാകോർ കമ്മിറ്റി അംഗം ബിജുആന്റണി, യൂത്ത് ഫ്ര് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ആൽവിൻ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

കേരളയൂത്ത് ഫ്ര്(എം) തൃശ്ശൂർജില്ലാ നേതൃത്വത്തെയും സമ്മേളനത്തിൽവെച്ച് തെരഞ്ഞെടുത്തു. ജിയോജോസഫ് (പ്രസിഡന്റ്), ജസ്‌വിൻ ജോസ് (ജില്ലാ ജനറൽസെക്രട്ടറി),ജോമിൽട്ടൻ(ജില്ലാ വൈസ് പ്രസിഡന്റ്), വിപിൻ വർഗ്ഗീസ് (ജില്ലാജോ.സെക്രട്ടറി) സം സ്ഥാന സെക്രട്ടേറിയറ്റ് അംഗമായി സെബീൻ കാവുങ്കലിനെയുംതെരഞ്ഞെടുത്തു. കേരള കോൺഗ്രസ്സ്(എം) ജില്ലാ പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ഈച്ചരത്ത് റിട്ടേണിംഗ് ഓഫീസറായിരുന്നു.

ആനശല്യം; ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താതെ സർക്കാർ ഒളിച്ചോടുന്നു : അഡ്വ. കെ.എസ് നിസാർ

എളനാട് : കാട്ടാനകൾ നിരന്തരമായി നാട്ടിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ജനങ്ങളുടെ ജീവന് തന്നെ ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടും ഭരണകൂടം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കാതെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടുകയാണെന്ന് വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് അഡ്വ. കെ.എസ് നിസാർ അഭിപ്രായപ്പെട്ടു.

മനുഷ്യ ജീവൻ അപകടത്തിലാക്കുന്ന ആന ശല്യം നിയന്ത്രിക്കാൻ അവശ്യപ്പെട്ടുകൊണ്ട് വെൽഫെയർ പാർട്ടി ചേലക്കര മണ്ഡലം പ്രസിഡന്റ് പി.എം ഷാജഹാൻ എളനാട് സെന്ററിൽ നടത്തിയ 24 മണിക്കൂർ നിരാഹാര സമരത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാട്ടാനകളെ നിയന്ത്രിക്കാൻ ശാസ്ത്രീയമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ ഇനിയും അമാന്തം കാണിച്ചാൽ അതിശക്തമായ ജനകീയ പ്രക്ഷോഭങ്ങൾക്ക്

വെൽഫെയർ പാർട്ടി വരും ദിവസങ്ങളിൽ നേതൃത്വം നൽകുമെന്നും അദ്ദേഹം പറഞ്ഞു.വെൽഫെയർ പാർട്ടി ജില്ലാ കമ്മിറ്റി അംഗം ഹംസ എളനാട് അധ്യക്ഷത വഹിച്ചു.

ജില്ലാ വൈസ് പ്രസിഡന്റ് ഇ എ റഷീദ് മാസ്റ്റർ, എഫ് ഐ ടി യു ജില്ലാ വൈസ് പ്രസിഡന്റ് അഷ്റഫ് മങ്ങാട്, പത്ര പ്രവർത്തകനും എഴുത്ത്കാരനുമായ പരമേശ്വരൻ ആറങ്ങോട്ട്കര , തണൽ വെൽഫെയർ സൊസൈറ്റി രക്ഷാധികാരി സി വി ഷാജി, കൈപ്പമംഗലം മണ്ഡലം പ്രസിഡന്റ് നവാസ് എടവിലങ്ങ് എന്നിവർ സംസാരിച്ചു.

മുഹമ്മദ് അഫ് ലം ടി കെ ,ഭാസ്കരൻ പി.പി ,സാദിഖ് പി പി, ബിനു എം സി, മുഹമ്മദ് കുട്ടി പിഎഎന്നിവർ നേതൃത്വം നൽകി. മണ്ഡലം സെക്രട്ടറി കെ കെ ഷെഫൂറ സ്വാഗതവും, പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് വി എ ഷെമിയ നന്ദിയും പറഞ്ഞു.

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബകോടതി മുമ്പാകെ

OP: 553/2025

തുളസി, 35 വയസ്, D/o മോഹൻകുമാർ, കീരിത്തൊടിയിൽ ഓങ്ങല്ലൂർ, പട്ടാമ്പി താലൂക്ക്, ഇപ്പോൾ താമസം ചിറ്റിലപ്പിള്ളി ഹൗസ്, പെരിങ്ങണ്ടൂർ പി ഒ. പെരിങ്ങണ്ടൂർ വില്ലേജ്, തലപ്പിള്ളി താലൂക്ക്

-ഹർജിക്കാരി

സുമിത്ത് സി എസ് S/o സുബ്രഹ്മണ്യൻ സി കെ, ചിറ്റിലപ്പിള്ളി ഹൗസ്, പെരിങ്ങണ്ടൂർ പി ഒ. പെരിങ്ങണ്ടൂർ വില്ലേജ്, തലപ്പിള്ളി താലൂക്ക്

-എതൃകക്ഷി

മേൽനമ്പ്രായി ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹബന്ധം വേർപ്പെടുത്തുന്നതിനായി ഹരജിക്കാരി ബോധിപ്പിച്ച മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽനമ്പർ കേസ് **07-11-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ഹരജിയിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട തൃശ്ശൂർ കുടുംബകോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-10-2025

ഹരജിഭാഗം അഡ്വക്കേറ്റ്

ജയശ്രീ കെ

(ഒപ്പ്)

കോടതി പരസ്യം

**ബഹു. ഇരിങ്